പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 3289

11/05/2017 ൽ മറുപടിക്ക്

**ഹൈമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപനവും വിതരണവും നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അംഗീകാരം ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും വിതരണം ചെയ്യുന്നതിനും വ്യവസായ വകുപ്പിൽ നിന്നും പ്രത്യേകമായി അംഗീകാരം നൽകിയിട്ടില്ല.എന്നാൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ കുണ്ടറ യൂണിറ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കലും ആയതിന്റെ റിപ്പയറിംഗ് ജോലികളും ഏറ്റെടുത്ത് നടത്തുന്നുണ്ട്. സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർ പ്രൈസസ് ലിമിറ്റഡ് എന്നിവ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്, സിഡ്കോ ഹൈമാസ്റ്റ് ലൈറ്റുകളുടെ വിതരണം നടത്തുന്നുണ്ട്. കെൽട്രോൺ ഫിലിപ്പ്സ് നിർമ്മിത എൽ.ഇ.ഡി ലൈറ്റുകൾ ഉപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് ഹൈമാസ്റ്റ് ലൈറ്റുകൾ നിർമ്മിക്കുന്ന വ്യവസായ കേന്ദ്രങ്ങൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) തൃശ്ശൂർ ജില്ലയിലെ M/s.മെർക്കുറി ഇലക്ട്രിക്കൽസ്, പൂങ്കുന്നം, M/s.മെനോറ പവർ , പൂന്തോൾ, കോട്ടയം ജില്ലയിലെ M/s.കല്ലൂർ ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ ജില്ലയിലെ M/s.ബ്ലൂ റേഡിയന്റ് ട്രേഡിംഗ് ആന്റ് കോൺട്രാക്റ്റിംഗ് എന്നീ സ്വകാര്യ സ്ഥാപനങ്ങൾ ഹൈമാസ്റ്റ് ലൈറ്റുകൾ നിർമ്മിക്കുന്നുണ്ട്. |
| (സി) ഹൈമാസ്റ്റ് ലൈറ്റുകൾ വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും സർക്കാർ അനുമതിയുള്ള ഇതരസ്ഥാപനങ്ങൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) ഹൈമാസ്റ്റ് ലൈറ്റുകൾ വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും സർക്കാർ അനുമതിയുള്ള ഇതരസ്ഥാപനങ്ങൾ ഇല്ല. |

സെക്ഷൻ ഓഫീസർ

9/